നം.കെ.എസ്.എ.പി.റ്റി.എ.പി 5 /1137 /2018
തീയതി:04.08.2018

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 1.6.2017 മുതൽ 30.6.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം* |
|---|---|
| 16.7.2018 മുതൽ 27.7.2018 വരെ | ശ്രീമതി സ്നിഗ്ധ എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അരുൺകുമാർ എസ്,ക്ര സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി അശ്വതി വി നായർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

ശ്രീമതി മിനി ശ്യാം മോഹൻ 1.4.2017 മുതൽ 31.3.2018 വരെ

സെക്രട്ടറി

| | |
|---|---|
| ശ്രീ. രാജേഷ് കുമാർ പി | 1.4.2017 മുതൽ 31.3.2018 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| കൃഷി ഓഫീസർ | |
| ശ്രീമതി രാജശ്രീ പി | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | |
| ഡോ. ആശ കെ സദാശിവൻ | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | |
| ഡോ. നെബു പി മാത്യൂ | 1.4.2017 മുതൽ 31.3.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | |
| ശ്രീമതി സുജ വി | 1.4.2017 മുതൽ 31.3.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| ശ്രീ. വിനോദ് | 1.4.2017 മുതൽ 31.3.2018 വരെ |
| വെറ്ററിനറി സർജൻ | |
| ഡോ. മാത്യൂ എം | 1.4.2017 മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| ശ്രീമതി സൈറ ഇസ്മയിൽ | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | |
| ഡോ. രജിത ടി വർഗ്ഗീസ് | 1.4.2017 മുതൽ 31.3.2018 വരെ |
| ഹെഡ് മിസ്ട്രസ്സ് | |
| ശ്രീമതി രാജേശ്വരിഅമ്മ | 1.4.2017 മുതൽ 31.3.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | |
| ശ്രീമതി അനുമോൾ ആർ | 1.4.2017 മുതൽ 31.3.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ്- 2017-18
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2017-18
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

സൂചിക


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം-1 | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | ക്രമവത്കരണം - ഫീസ് ഈടാക്കിയതിൽ കുറവ് | 2-1 |
| 14 | കൃത്യമായ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കാത്തതിനാൽ വരുമാന നഷ്ടം ഉണ്ടാകാൻ സാദ്ധ്യത | 2-2 |
| 15 | ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ- സമയക്രമം പാലിക്കപ്പെടുന്നില്ല | 2-3 |
| 16 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-4 |
| 17 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-5 |
| 18 | യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കുന്നില്ല | 2-6 |
| 19 | വാടക സമയബന്ധിതമായി ഈടാക്കുന്നില്ല | 2-7 |
| 20 | പഞ്ചായത്ത് പരിധിയിലെ എല്ലാ മൊബൈൽ ടവറുകളുടെയും വസ്തുനികുതി | 2-8 |

| | | |
|---|---|---|
| | നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ ലഭിക്കേണ്ട വരുമാനത്തിൽ കുറവുണ്ടാകുന്നു | |
| 21 | ഷോപ്പിംഗ് കോംപ്ലക്സിൽ മുറികൾ ഒഴിഞ്ഞു കിടക്കുന്നു | 2-9 |
| 22 | വാടകക്കാരുമായി നിയമാനുസൃതമായ കരാർ ചമയ്ക്കുന്നില്ല | 2-10 |
| | ഭാഗം-3 | |
| 23 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - പദ്ധതി നിർവ്വഹണത്തിൽ ഗുരുതര വീഴ്ച. | 3-1 |
| 24 | പട്ടികജാതി യുവാക്കൾക്ക് ധനസഹായം നൽകൽ- ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ സാധൂകരണം വാങ്ങിയിട്ടില്ല | 3-2 |
| 25 | തെരുവ് വിളക്കുകൾക്ക് സാധനം വാങ്ങൽ, മെയിന്റനൻസ് പ്രവൃത്തികൾക്ക് സുതാര്യതയില്ല | 3-3 |
| 26 | എം.റ്റി.എൽ.പി.സ്കൂൾ കൈതവനപ്പടി റോഡിൽ ഓട നിർമ്മിച്ച് സ്ലാബിടൽ - ഒരേ പ്രവൃത്തിക്കു വേണ്ടി രണ്ടു പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കിയത് പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധം | 3-4 |
| 27 | ബസ് സ്റ്റാന്റ് നവീകരണം-എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-5 |
| 28 | 1889000രൂപയുടെ പ്രോജക്ടുകൾ - ഭരണപരമായതോ സാങ്കേതികമായതോ കാരണങ്ങളാൽ അംഗീകാരം വൈകിയതുമൂലം നടപ്പിലാക്കിയില്ല | 3-6 |
| 29 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് നൽകി | 3-7 |
| 30 | എസ്.എസ്.എ.-എസ്.സി.പി ഫണ്ട് വകയിരുത്തിയത് ആനുപാതികമായല്ല | 3-8 |
| 31 | സാന്ത്വനപരിചരണം - മരുന്നുകൾ, ഉപകരണങ്ങൾ ലഭ്യമായില്ല | 3-9 |
| 32 | ലൈബ്രറി കൗൺസിലിന്റെ അംഗീകാരമില്ലാത്ത ലൈബ്രറിയ്ക്കായി പദ്ധതി നടപ്പിലാക്കി | 3-10 |
| 33 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം- കുടിശിക പെരുകുന്നത് ഒഴിവാക്കാൻ നടപടിയെടുക്കുന്നില്ല | 3-11 |
| 34 | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതി പ്രശംസനീയം | 3-12 |
| 35 | മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ പരാജയം | 3-13 |
| 36 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനം- പദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്നില്ല | 3-14 |
| 37 | ആശ്രയ പദ്ധതി- നടത്തിപ്പിൽ അലംഭാവം | 3-15 |
| | ഭാഗം-4 | |
| 38 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും | 4-1 |

| | | |
|---|---|---|
| | വിനിയോഗവും | |
| 39 | നിക്ഷേപ പ്രവൃത്തിക്ക് നൽകുന്ന തുകയുടെ വിവരം | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 41 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 20.3.2017-ൽ ധനകാര്യ സ്ഥിരം സമിതിയിൽ അവതരിപ്പിക്കുകയും ഭരണസമിതിയുടെ 27.3.2017-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. റിവൈസഡ് ബഡ്ജറ്റ് 17.3.2018-ൽ അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ഇനം* | *പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | |
|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* |
| മുന്നിരിപ്പ് | 18223730 | 17981835 | | 241905 |
| വരവ് | 60523337 | 49665904 | | 10857433 |
| ആകെ | 78747067 | 67647739 | | 11099328 |
| ചെലവ് | 60311024 | 49346785 | | 10964239 |
| നീക്കിയിരിപ്പ് | 18436043 | 18300954 | | 135089 |

ബജറ്റിലെ തുകയും യഥാർത്ഥ തുകകളും തമ്മിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| *വർഷം* | *ധനകാര്യപത്രിക ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്)* |
|---|---|---|
| 2017-18 | 31.7.2018 | 17.05.2018 |

## 1-3 വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയ്ക്ക് 09.07.2018 ലെ കെ.എസ്.എ.പി.റ്റി.എ /പി5/ 748/2018 നമ്പരായി വിശേഷണങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| *ഇനം* | *തുക* |
|---|---|
| മുന്നിരിപ്പ് | 17981835 |
| വരവ് | 49665904 |
| ആകെ | 67647739 |
| ചെലവ് | 49346785 |
| നീക്കിയിരിപ്പ് | 18300954 |

## 1-5 ഫണ്ട് വിനിയോഗം

| | *മുൻ ബാക്കി* | *തൻവർഷ വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 6281000 | 6281000 | 4505355 | 1775645 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2255621 | 2255621 | 929070 | 1326551 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6413000 | 6413000 | 6402792 | 10208 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2591000 | 2591000 | 2207336 | 383664 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 2949259 | 2949259 | 2244827 | 704432 |
| ലോക ബാങ്ക് സഹായം | 0 | 690344 | 690344 | 599541 | 90803 |
| തൊഴിലുറപ്പ് പദ്ധതി | 1000 | 2853296 | 2854296 | 2851223 | 3073 |
| തനത് ഫണ്ട് (വിവിധ അക്കൗണ്ടുകൾ) | 9110063 | 27239619 | 36349680 | 18856908 | 17492772 |
| തനത് ഫണ്ട് (ട്രഷറി) | 7682214 | 4560000 | 12242214 | 11832632 | 409582 |

| | | | | | |
|---|---|---|---|---|---|
| ട്രഷറി സംയുക്ത പദ്ധതി | 785500 | 1716000 | 2501500 | 2404257 | 97243 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| *വർഷം* | *അംഗീകാരം ലഭിച്ചത്* | *അടങ്കൽ* | *നടപ്പാക്കിയത്* | *ചെലവഴിച്ച തുക* | *നടപ്പാക്കാത്തവ* | *ചെലവ് ശതമാനം* |
|---|---|---|---|---|---|---|
| 2017-18 | 159 | 39231788 | 114 | 21023351 | 45 | 53.58 |

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 16 | 4512191 | 14 | 1509866 | 33.46 |
| സേവനം | 66 | 16619032 | 39 | 8140101 | 48.98 |
| പശ്ചാത്തലം | 77 | 18100565 | 61 | 11373384 | 62.83 |
| ആകെ | 159 | 39231788 | 114 | 21023351 | 53.58 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 22 | 12 | 4445013 | 1821976 | 40.98 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 3 | 1567000 | 192000 | 12.25 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 83 | 55 | 21308584 | 12247119 | 57.48 |
| വി.ഇ.ഒ | 8 | 8 | 2950000 | 1433000 | 48.58 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 250000 | 71638 | 28.65 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 6 | 5 | 1063000 | 968000 | 91.06 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 3 | 3 | 950000 | 950000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4 | 1120000 | 633326 | 56.55 |
| കൃഷി ഓഫീസർ | 9 | 8 | 3722842 | 1179050 | 31.67 |
| വെറ്ററിനറി സർജൻ | 4 | 3 | 339349 | 209178 | 61.64 |
| എച്ച്.എം, ഗവ. എൽപിഎസ് | 10 | 10 | 1316000 | 1118064 | 84.96 |
| ആകെ | 159 | 114 | 39231788 | 21023351 | 53.58 |

13-ാം പഞ്ചവത്സരപദ്ധതിയുടെ (2017-18 മുതൽ 2021-22 വരെ) ആദ്യ വാർഷിക പദ്ധതി(2017-18) തയ്യാറാക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച 09.01.2017-ലെ സ.ഉ.(എം.എസ്) നം. 10/2017/തസ്വഭവ ഉത്തരവിൽ പദ്ധതി ആസൂത്രണഘട്ടങ്ങളും നടപടിക്രമങ്ങളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ടി ഉത്തരവിലെ നിർദ്ദേശപ്രകാരം ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 30.01.2017-ൽ ആസൂത്രണ സമിതിയുടെയും 20.02.2017-ൽ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗം ചേരുകയും ചെയ്തു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ 04/2017-ൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ യോഗങ്ങളിലും 16.05.2017-ൽ നടന്ന വികസനസെമിനാറിലും അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ വികസന

സെമിനാറിന്റെ മിനിട്സ് ബുക്കിൽ യോഗത്തിൽ പങ്കെടുത്തവരുടെ ഹാജരല്ലാതെ പ്രോജക്ടുകൾ സംബന്ധിച്ച ചർച്ചകളുടെയും തീരുമാനങ്ങളുടെയും വിവരങ്ങൾ ചേർത്തിട്ടില്ല.

29.05.2017-ലെ തീരുമാനം നം.1(2) ആയി ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയ വാർഷിക പദ്ധതി പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ 14.06.2017-ലെ ആർ.ഒ.2/960/2017/ഡി.പി.സി./ഡി.പി.ഒ./പി.റ്റി.എ. ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നിക്കിയിരിപ്പ്* |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1000 | 500392 | 501392 | 500392 | 3073 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 2350831 | 2350831 | 2350831 | - |
| | 1000 | 2851223 | 2852223 | 2851223 | 3073 |

## 1-8 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *പെൻഷൻ ഇനത്തിലെ ചെലവ്* |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 62 | 514600 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 678 | 7593100 |
| വികലാംഗ പെൻഷൻ | 141 | 1169300 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14 | 129000 |
| വിധവാ പെൻഷൻ | 379 | 3282400 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.7.2018-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 9863/- (ഒൻപതിനായിരത്തി എണ്ണൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

*ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി*

വരവുചെലവുകണക്കുകൾ അംഗീകരിക്കുക,പദ്ധതിയുടെ വിഭവസ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക,പദ്ധതികണക്കുകൾ കൃത്യമായും ചിട്ടയായും തയ്യാറാക്കുക,പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ ശുപാർശ ചെയ്യുക, ശുപാർശ ചെയ്ത പ്രകാരം തയ്യാറാക്കിയ പ്രോജക്ടുകളുടെ കൃത്യതയും നിയമസാധുതയും ഉറപ്പുവരുത്തി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അംഗീകരിച്ച് ഭരണസമിതിക്ക് ശുപാർശ ചെയ്യുക എന്നിവ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി നിർവ്വഹിച്ചിട്ടുണ്ട്.

2017-18 വർഷം 15 യോഗങ്ങൾ കൂടിയിട്ടുണ്ട്.എല്ലാ മാസവും സ്റ്റാന്റിംഗ് കമ്മറ്റി യോഗം ചേർന്ന് വരവുചെലവു കണക്കുകൾ അംഗീകരിക്കുന്നുണ്ട്. വസ്തുനികുതിയുമായി ബന്ധപ്പെട്ട അപ്പീലുകൾ, റിവിഷനുകൾ ഇവ തീർപ്പാക്കുന്നുണ്ട്.

പുതിയ നികുതി നിർദ്ദേശങ്ങളോ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന രീതിയിലുള്ള ധനാഗമ സ്രോതസ്സുകളെ സംബന്ധിച്ചോ നിർദ്ദേശങ്ങൾ ഉണ്ടാകുന്നില്ല. ഘടകസ്ഥാപനമേധാവികളും സെക്രട്ടറിയും തയ്യാറാക്കിയ നോൺ പ്ലാൻ ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകിയിട്ടുണ്ട്. അംഗീകരിച്ച വാർഷിക പദ്ധതിയും നോൺപ്ലാൻ എസ്റ്റിമേറ്റും യോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ജനറൽ കമ്മറ്റി നിർദ്ദേശിച്ച ഭേദഗതികൾ കൂടി പരിഗണിച്ചാണ് അന്തിമ ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിരിക്കുന്നത്.

പഞ്ചായത്തിന്റെ നികുതിവരവുകളുടെ പിരിവിന്റെ പുരോഗതി കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

*വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി*

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെടുന്ന വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം എന്നിങ്ങനെയുള്ള മേഖലകളിൽ പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് തീരുമാനങ്ങളും നിർദ്ദേശങ്ങളും ജനറൽ കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്.

2017-18 വർഷം 14 തവണ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. 09.05.2017-ൽ ചേർന്ന കമ്മിറ്റി യോഗത്തിൽ 2017-18 വർഷത്തേക്ക് ഉല്പാദന മേഖലയുമായി ബന്ധപ്പെട്ട് 16 പ്രോജക്ടുകളും സേവനമേഖലയുമായി ബന്ധപ്പെട്ട് 47 പ്രോജക്ടുകളും പശ്ചാത്തലമേഖലയുമായി ബന്ധപ്പെട്ട് 49 പ്രോജക്ടുകളും ഉൾപ്പെടെ 112 പ്രോജക്ടുകളാണ് ശുപാർശ ചെയ്തത്. ഇതിൽ 106 പ്രോജക്ടുകൾക്ക് പദ്ധതി രൂപീകരണങ്ങൾക്ക് വിധേയമായി തുക വകയിരുത്തി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചത് 22.05.2017-ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം അംഗീകരിച്ചിട്ടുണ്ട്. പദ്ധതികളുടെ അവലോകനം എല്ലാ മാസങ്ങളിലും നടത്തിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ ഗുണഭോക്താക്കളില്ലാത്തതിനാൽ നടപ്പാക്കാത്തവയും ഭാഗികമായി നടപ്പിലാക്കുന്നവയും ഉൾപ്പെടുത്തുന്നുണ്ട്. പ്രോജക്ട് രൂപീകരണത്തിൽ ഗൗരവതരമായ ചർച്ചകളും വിശകലനങ്ങളും നടത്തുന്നില്ല എന്നതാണ് ഇതിനു കാരണം. ഉദാ. വനിതാ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സ്വയം തൊഴിലിന് ആനുകൂല്യം നൽകൽ, വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പെണ്ണാട് വളർത്തൽ, സമഗ്ര കന്നുകാലി ഇൻഷ്വറൻസ് തുടങ്ങിയ പ്രോജക്ടുകളിൽ ആവശ്യത്തിന് ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പദ്ധതി ഭേദഗതി ചെയ്തു. ചുവടെ പറയുന്ന തോടും ചാലുകളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്ന കാരണത്താൽ അവയുടെ ആഴം കൂട്ടുന്നതിനുള്ള പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും നടപ്പാക്കിയില്ല.

പ്രോജക്ട് നം-54/18- പൊങ്ങണാംതോട് ആഴം കൂട്ടൽ

പ്രോജക്ട് നം-56/18-പൊത്തോലി പുഞ്ചയിലേക്ക്ഉള്ള ചാലിന് ആഴം കൂട്ടൽ

പ്രോജക്ട് നം-57/18- കീഴകര ചാലിന് ആഴം കൂട്ടൽ

പിന്നീട് ടി പ്രോജക്ടുകൾ ഉപേക്ഷിച്ച് ഭേദഗതി പ്രോജക്ടുകൾ അംഗീകരിച്ചിട്ടുണ്ട് (16.11.2017).

മെഡിക്കൽ ഓഫീസർ, ഡയറി ഫാം ഇൻസ്ട്രക്ടർ എന്നിവർ നിർവ്വഹണം നടത്തേണ്ട താഴെ പറയുന്ന പ്രോജക്ടുകളും ഉപേക്ഷിക്കുന്നതിന് 13.12.2017-ലെ കമ്മിറ്റി യോഗം ശുപാർശ ചെയ്തിട്ടുണ്ട്.

ജീവിത ശൈലീ രോഗനിർണ്ണയവും മരുന്നു നൽകലും

കറവ യന്ത്രത്തിന് സബ്സിഡി നൽകൽ

ജൈവവള നിർമ്മാണ യൂണിറ്റിന് സബ്സിഡി

നീർത്തടാധിഷ്ഠിത മാസ്റ്റർപ്ലാനിലെ മുൻഗണനാ ക്രമം അനുസരിച്ച് ജലസേചന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. റോഡ് വികസനവുമായി ബന്ധപ്പെട്ട് കണക്ടിവിറ്റി പ്ലാൻ, മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. ചെറുകിട ജലസേചനം, ചെറുകിട വ്യവസായം, മണ്ണ് സംരക്ഷണം എന്നീ മേഖലകളിൽ പ്രോജക്ടുകൾ ആവിഷ്ക്കരിച്ചിട്ടില്ല.

*ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി- പദ്ധതികളുടെ പൂർത്തീകരണത്തിന് കാര്യക്ഷമമായി ഇടപെടുന്നില്ല*

പട്ടികജാതി പട്ടികവർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷാ

പ്രവർത്തനം, ദാരിദ്ര്യനിർമ്മാർജ്ജനം എന്നീ മേഖലകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. പഞ്ചായത്ത് രാജ് നിയമപ്രകാരവും പദ്ധതി മാർഗരേഖ പ്രകാരവും ചുമതലപ്പെടുത്തിയിട്ടുള്ള എല്ലാ കാര്യങ്ങളിലും ഫലപ്രദമായി ഇടപെട്ട് പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തുന്നു എന്ന് ഉറപ്പു വരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണെന്ന് പദ്ധതി മാർഗരേഖയിലും നിർദ്ദേശിച്ചിട്ടുണ്ട്. 2017-18 ൽ 11 യോഗങ്ങൾ ചേർന്നിട്ടുണ്ട്. എന്നാൽ മിക്കവാറും യോഗങ്ങളിലും വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള ഗുണഭോക്താക്കളെപ്പറ്റിയുള്ള ചർച്ച മാത്രമാണ് നടക്കുന്നത്. ആശ്രയ പദ്ധതി, അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം മുതലായ വിഷയങ്ങളിൽ കാര്യമായ ചർച്ച നടത്തുകയോ പദ്ധതി പ്രവർത്തനം കാര്യക്ഷമമാണോ എന്ന് വിലയിരുത്തുകയോ ചെയ്യുന്നില്ല.

കൂടാതെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ, നിർവ്വഹണ കലണ്ടർ പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്തുന്നുണ്ടോയെന്ന് പരിശോധിച്ച് ഭരണസമിതിക്ക് ശുപാർശ ചെയ്യേണ്ടതും കമ്മിറ്റിയുടെ ചുമതലയിൽ വരുന്നതാണ്. എന്നാൽ ഇത്തരത്തിലൊരു വിലയിരുത്തൽ നടത്തുന്നില്ല. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമല്ല കമ്മിറ്റിയുടെ ഇടപെടൽ കൂടിയുണ്ടെങ്കിൽ ഫലപ്രാപ്തിയെത്താവുന്ന പല പ്രോജക്ടുകളും നിലവിൽ നിലച്ചിരിക്കുകയാണ്. ഉദാഹരണത്തിന് പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് എന്ന പ്രോജക്ടിനായി വാങ്ങിയ വാട്ടർടാങ്കുകളിൽ 9 എണ്ണം ഓഡിറ്റ് തീയതിയിലും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. മേഖലാ ചുമതലയിൽപ്പെട്ട പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ക്ഷണിക്കുന്നു.

*ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി*

ഓഡിറ്റ് വർഷത്തിൽ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി 12 തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മറ്റിയുടെ പരിധിയിലുള്ള വിഷയങ്ങളെപ്പറ്റി ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും അതിന്മേലുള്ള തുടർനടപടികൾ ഉണ്ടാകുന്നില്ല. സ്റ്റാന്റിംഗ് കമ്മറ്റിയുടെ എല്ലാ യോഗങ്ങളിലും പഞ്ചായത്തിലെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും ഇപ്പോഴും ഇക്കാര്യത്തിൽ ശാശ്വതപരിഹാരം ഉണ്ടായിട്ടില്ല. കുടുംബശ്രീയെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും ആയത് പ്ലാസ്റ്റിക്ക് ടാറിംഗിന് ഉപയോഗപ്പെടുത്തുന്നതിനും ഉപയോഗയോഗ്യമായ പ്ലാസ്റ്റിക്ക് വീണ്ടും ഉപയോഗിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സ്റ്റാന്റിംഗ് കമ്മറ്റി ശുപാർശ ചെയ്തിരുന്നുവെങ്കിലും അത്തരം പ്രോജക്ടുകൾ രൂപീകരിച്ചിട്ടില്ല. ചർച്ചകളിൽ ഉണ്ടാകുന്ന നിർദ്ദേശങ്ങൾ സാക്ഷാത്കരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.07.2018 | 06/2018 | 07.07.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.07.2013 | 2008-09 മുതൽ 2012-13 വരെ | 13.10.2013 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ,ബാലൻസ് എന്നിവ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. 2016-17 ലെ ബി-15 ഷെഡ്യൂളിലെ കുടിശ്ശികയിനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയേക്കാൾ തൻവർഷം വരവ് ലഭിച്ചിരിക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 6509725 | 5835966 | 706780 |
| രജിസ്റ്ററുകൾ പ്രകാരം<br>സഞ്ചയ പ്രകാരം | 6509725 | 5836602 | 673123 |

2. ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ പദ്ധതികളുടെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കേണ്ട തുക ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനധികൃതനിർമ്മാണങ്ങളുടെ ക്രമവത്കരണം - ഫീസ് ഈടാക്കിയതിൽ കുറവ്

ശ്രീ.എ.എൻ തങ്കമ്മ, ആലഞ്ചേരിൽ വീട്, കോഴഞ്ചേരി എന്ന വ്യക്തിയുടെ വാസഗൃഹത്തിന്റെ ക്രമവത്കരണത്തിനായി സമർപ്പിച്ച അപേക്ഷ പ്രകാരം ആകെ പ്ലിന്ത് ഏരിയ 210.85 ച.മീ ആണ്. പെർമിറ്റ് എടുക്കാതെ നിർമ്മിച്ചതായതിനാൽ ആയതിന് പെർമിറ്റ് ഫീസും രണ്ടിരട്ടി രാജിയാക്കൽ ഫീസും ഉൾപ്പെടെ 3162.75 രൂപ(210.85*5*3) ഈടാക്കേണ്ടതാണ്. എന്നാൽ നിലവിൽ പെർമിറ്റ് ഫീസ് ഈടാക്കാതെ 2108.5 രൂപ രാജിയാക്കൽ ഫീസ് മാത്രം ഈടാക്കുകയാണ് ചെയ്തിരിക്കുന്നത്. ഈടാക്കിയതിൽ കുറവു വന്ന 1054.25 രൂപ കൂടി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 കൃത്യമായ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കാത്തതിനാൽ വരുമാന നഷ്ടം ഉണ്ടാകാൻ സാദ്ധ്യത

നിലവിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്ന സമയത്താണ് അവരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും സ്ഥാപനതൊഴിൽ നികുതി ഈടാക്കി വരുന്നത്. ലൈസൻസിനായുള്ള അപേക്ഷകളിൽ ജോലിക്കാരുടെ എണ്ണം, പ്രതിദിനവിറ്റുവരവ്, ഇവ രേഖപ്പെടുത്തി വാങ്ങുന്നില്ല. ഇത്തരത്തിൽ അപൂർണ്ണമായ അപേക്ഷകൾ ആധാരമാക്കി നികുതി നിർണ്ണയിക്കുന്നത് വരുമാന നഷ്ടത്തിനിടയാക്കും എന്നതിനാൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഇവരിൽ നിന്നും വരുമാനം സംബന്ധിച്ച ചട്ടപ്രകാരമുള്ള റിട്ടേൺ വാങ്ങുന്നില്ല. നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന് ജീവനക്കാരോടൊപ്പം ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 2-3 ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ– സമയക്രമം പാലിക്കപ്പെടുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കാനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുപ്പതു ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2017-18 ൽ 517 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ 47 സ്ഥാപനങ്ങൾ മാത്രമാണ് നിശ്ചിതസമയക്രമം പാലിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ നിന്നും 01.04.2017 മുതൽ ലൈസൻസ് പുതുക്കുന്നതു വരെയുള്ള കാലയളവിൽ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് മിക്ക സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തേക്കുള്ള ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും പഞ്ചായത്തധികൃതർ ഉറപ്പുവരുത്തേണ്ടതാണ്. ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കി അവയിൽ നിന്നെല്ലാം ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന് ജീവനക്കാരോടൊപ്പം ധനകാര്യസ്റ്റാന്റിംഗ്

കമ്മറ്റിയുടെയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 2-4 മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2017-18സാമ്പത്തിക വർഷത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ ലൈസൻസ് അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| സ്ഥാപനം | അനുമതിയുടെ കാലപരിധി |
|---|---|
| മുരിക്കോത്ത് ഫ്ലോർ മിൽ | 30.06.2017 |
| തോമ്പിൽ ഫ്ലോർ & ഓയിൽ മിൽ | അനുമതിപത്രം ഹാജരാക്കിയിട്ടില്ല. |
| ചിന്നൂസ് ചിക്കൻ സെന്റർ | 31.12.2017 |

മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമുള്ള സ്ഥാപനങ്ങൾ ആയത് ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in -ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 9 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ആയതിനാൽ ലൈസൻസ് ഫീസ്, സ്ഥാപനതൊഴിൽ നികുതി എന്നീ ഇനങ്ങളിൽ ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമാകുന്നു. റേഷൻകടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും സ്ഥാപനതൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-6 യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കുന്നില്ല

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് യന്ത്രത്തിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കാവുന്നതാണ്. (1996 ലെ കേരള പഞ്ചായത്ത് രാജ്- ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ). എന്നാൽ ഇപ്രകാരമുള്ള യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസാണ് വാങ്ങിയിട്ടുള്ളത്. ഈ സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ ഫീസ് ആണ് ഈടാക്കേണ്ടത് ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനം | ഉപയോഗിക്കുന്ന മോട്ടോറിന്റെ കുതിരശക്തി (അപേക്ഷ പ്രകാരം) |
|---|---|
| ബീറ്റാൾ കോഫി വർക്സ് | 2.5 എച്ച്.പി |
| മുരിക്കോത്ത് ഫ്ലോർ മിൽ | 10 എച്ച്.പി. |
| കണ്ണൻ ഫാബ്രിക്കേറ്റേഴ്സ് | 9 കി.വാട്സ് |
| സെന്റ് ജോർജ്ജ് സോമിൽ | 40എച്ച്.പി<br>(20 എച്ച്.പി യുടെ ഫീസ് ഈടാക്കിയിട്ടുണ്ട്) |
| തോമ്പിൽ ഫ്ലോർ ആന്റ് ഓയിൽ മിൽ | 10 എച്ച്.പി |

| | |
|---|---|
| മനോജ് എഞ്ചിനീയറിങ്ങ് വർക്ക്സ് | 4എച്ച്.പി. |
| ഹോട്ടൽ ആര്യഭവൻ | 16 എച്ച്.പി |
| എ-വൺ ഹോട്ടൽ | 2.5 എച്ച്.പി |

യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 വാടക സമയബന്ധിതമായി ഈടാക്കുന്നില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ വാടകയിനത്തിൽ 2017-18 വർഷം 368470 രൂപ പിരിഞ്ഞുകിട്ടാനുണ്ട്.( കുടിശിക 49425 + തൻവർഷം-319045) ഇവയിൽ ഷോപ്പിംഗ് കോംപ്ലക്സിൽ ഒഴിഞ്ഞുകിടക്കുന്ന കടമുറികളുടെ വാടകയും ഉൾപ്പെടുന്നുണ്ട്. കടമുറികൾ ഉപയോഗിക്കുന്ന താഴെപ്പറയുന്ന വാടകക്കാർ വാടകയിനത്തിൽ വരുത്തിയ കുടിശികയുടെ വിവരം താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | വാടകക്കാരന്റെ പേരും മേൽവിലാസവും | അടയ്ക്കേണ്ട തുക (വർഷം തിരിച്ച്) |
|---|---|---|
| 1 | ശ്രീ.കെ ആർ സതീശൻ<br>കിഴക്കേക്കര വീട്<br>(ഷോപ്പിംഗ് കോംപ്ലക്സ് -സ്റ്റെയർകേയ്സ് ഭാഗം) | 27720<br>(2016-17-7845<br>2017-18-21830) |
| 2 | എം.ശിവൻകുട്ടി<br>മുരുപ്പേൽ വീട്<br>തെക്കേമല<br>(സി ബ്ലോക്ക്- റൂം നമ്പർ 2) | 8926(2017-18) |
| | ആകെ | 36646 |

വാടക കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 പഞ്ചായത്ത് പരിധിയിലെ എല്ലാ മൊബൈൽ ടവറുകളുടെയും വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ ലഭിക്കേണ്ട വരുമാനത്തിൽ കുറവുണ്ടാകുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നാല് മൊബൈൽ ടവറുകളുടെ വിവരം മാത്രമാണ് സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ കോഴഞ്ചേരി ടൗണിൽ പൊയ്യാനിൽ ജംഗ്ഷന് സമീപം റോഡിന്റെ ഒരു വശത്തായി 3 ടവറുകളും അതിന്റെ മറുവശത്തായി ജില്ലാ വ്യവസായ കേന്ദ്രത്തിന് സമീപം 4 ടവറുകളും തെക്കേമല ജംഗ്ഷനിൽ 2 ടവറുകളും സ്ഥാപിച്ചിട്ടുള്ളതായി പ്രാദേശികപരിശോധനയിൽ കണ്ടെത്തുകയുണ്ടായി. എല്ലാ ടവറുകളുടേയും വസ്തുനികുതി നിർണ്ണയിച്ച് ആയത് ഈടാക്കുന്നതിന് ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 2-9 ഷോപ്പിംഗ് കോംപ്ലക്സിൽ മുറികൾ ഒഴിഞ്ഞു കിടക്കുന്നു

ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 21, 22, 24 എന്നീ മുറികൾ നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്. മുറികൾ വാടകയ്ക്ക് നൽകി തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 2-10 വാടകക്കാരുമായി നിയമാനുസൃതമായ കരാർ ചമയ്ക്കുന്നില്ല

ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് സ്റ്റാൾ എന്നിവയിലെ വാടകക്കാരുമായി വാടക വ്യവസ്ഥകൾ സംബന്ധിച്ച കരാർ ചമച്ച് നിയമാനുസൃതമാക്കുന്നില്ല. ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ബൈലോയിലെ 6ാം നമ്പർ വ്യവസ്ഥ പ്രകാരം കടമുറി ലേലത്തിലെടുത്ത വ്യക്തി മൊത്തം വാർഷിക വാടക തുകയ്ക്ക് അനുസൃതമായി നിയമാനുസരണം സ്വന്തം ചെലവിൽ പഞ്ചായത്തുമായി ഉടമ്പടി വയ്ക്കേണ്ടതാണെന്ന് പറയുന്നുണ്ട്. ലേലക്കാരൻ 200 രൂപയുടെ മുദ്രപത്രം വാങ്ങി നൽകുന്നുണ്ടെങ്കിലും ആയതിൽ കരാർ വ്യവസ്ഥകൾ ചേർത്ത് സെക്രട്ടറിയും വാടകക്കാരനും ഒപ്പിട്ട് അധികൃതമാക്കുന്നില്ല. വാടകക്കാരുമായി നിയമാനുസൃത കരാർ ചമയ്ക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം - പദ്ധതി നിർവ്വഹണത്തിൽ ഗുരുതര വീഴ്ച

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

ചെലവുതുക-42000

ബിൽ നം-1/17-18 തീയതി.13.09.2017

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് (പ്രോജക്ട് നം 19/18) എന്ന പദ്ധതിക്കായി വികസനഫണ്ട് (എസ്.സി.പി.)-യിൽ നിന്നും 42000 രൂപ ചെലവഴിച്ച് 500 ലിറ്ററിന്റെ 14 വാട്ടർ ടാങ്കുകൾ വാങ്ങിയിരുന്നു. വാട്ടർ ടാങ്കുകൾ സപ്ലൈ ചെയ്ത വിക്ടോറിയ പോളിഫോം, തൃശ്ശൂർ എന്ന സ്ഥാപനത്തിന് ടി തുക ട്രഷറിയിൽ നിന്നും ഡയറക്ട് ട്രാൻസ്ഫർ (യു.ടി.ആർ. നം.17050552012701231665 തീയതി 22.03.2018) മുഖേന കൈമാറിയിട്ടുണ്ട്.

എന്നാൽ വാങ്ങിയ 14 വാട്ടർ ടാങ്കുകളിൽ 5 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. 9 എണ്ണം പഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. ആവശ്യത്തിന് ഗുണഭോക്താക്കൾ ഉണ്ടായിരുന്നിട്ടും ആയത് വിതരണം ചെയ്യാൻ കഴിയാത്തത് പ്രോജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും വന്ന അപാകത മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ (2017-2022) ആദ്യ വാർഷിക പദ്ധതിയുടെ (2017-18) സബ്സിഡി മാർഗരേഖയിലെ (സ.ഉ.(എം.എസ്.) നമ്പർ 80/2017/തസ്വഭവ തീയതി 03.04.2017) ഖണ്ഡിക 8.5-ൽ പട്ടികജാതി വിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് 75% സബ്സിഡി നിരക്കിൽ പി.വി.സി. വാട്ടർ ടാങ്ക് വാങ്ങിനൽകാമെന്നും ഗുണഭോക്തൃ വിഹിതം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ അടയ്ക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഇത് പ്രകാരം 3000 രൂപ വിലയുള്ള ടാങ്കിന് 750 രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടിയിരുന്നു. ബാക്കി തുക മാത്രമാണ് വികസനഫണ്ടിൽ നിന്നും പിൻവലിക്കേണ്ടിയിരുന്നത്. ഇതിന് വിരുദ്ധമായി മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. പദ്ധതി ആസൂത്രണം ചെയ്തപ്പോൾ പ്രോജക്ടിൽ ഗുണഭോക്താവ് ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കുന്നു എന്ന് പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ധനകാര്യവിശകലനത്തിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്താതെ 42000 രൂപ വികസനഫണ്ട് മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേഖലാചുമതലയിൽ വരുന്ന ഈ പ്രോജ്ക്ട് നിർവ്വഹണ കലണ്ടർ പ്രകാരം പൂർത്തീകരിക്കുന്നതിന് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമായിരുന്നില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് യാതൊരു തരത്തിലുള്ള ചർച്ചയും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ലയെന്ന് മിനിട്സിൽ നിന്നും വ്യക്തമാണ്.

കൂടാതെ പ്രോജക്ടിന്റെ വിഭവസ്രോതസ്സ്, അടങ്കൽ കണക്കുകൾ എന്നിവ കൃത്യമായി വിലയിരുത്തി അംഗീകരിച്ച് പ്രോജക്ട് നിർവ്വഹണത്തിനായി ഭരണസമിതിക്ക് ശുപാർശ ചെയ്യേണ്ടിയിരുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും അപാകത ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ചെലവ് തുകയുടെ 25% ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്താതെ തയ്യാറാക്കിയ പ്രോജക്ടിന് അംഗീകാരം നൽകിയത് മൂലമാണ് മുഴുവൻ ചെലവ് തുകയും വികസനഫണ്ടിൽ നിന്നും പിൻവലിക്കാൻ സാഹചര്യം ഉണ്ടായത്.

ഗുണഭോക്തൃവിഹിതത്തിന്റെ സ്ഥാനത്ത് വികസനഫണ്ടിൽനിന്നും അധികം പിൻവലിച്ച 10500 രൂപ (ഈടാക്കേണ്ടിയിരുന്ന ഗുണഭോക്തൃ വിഹിതം- 750X14) സർക്കാരിലേക്ക് തിരികെ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്. നടപടിക്രമങ്ങൾ പാലിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്കുകൾ വിതരണം ചെയ്യേണ്ടതാണ്. ഈ സാഹചര്യത്തിൽ വിതരണം ചെയ്യാൻ അവശേഷിക്കുന്ന 9 ടാങ്കുകൾക്ക് ചെലവഴിച്ച 27000 രൂപ തടസ്സത്തിൽ വയ്ക്കുന്നു. അർഹരായ ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്ത് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-2 പട്ടികജാതി യുവാക്കൾക്ക് ധനസഹായം - ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ സാധൂകരണം വാങ്ങിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം.42/17-18

ചെലവ്-50000/-

ബിൽ നം-11667/22.03.2018

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ബിബിൻ ബാലകൃഷ്ണൻ, ഏറാട്ടുപറമ്പിൽ, തെക്കേമല എന്ന ഗുണഭോക്താവിന് വികസനഫണ്ടിൽ (എസ്.സി.പി) നിന്നും 50000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖപ്രകാരം പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമാകുന്നപക്ഷം തൊഴിൽ വിസയും വിമാനടിക്കറ്റും ഹാജരാക്കുന്നമുറയ്ക്ക് 50000 രൂപ ധനസഹായം നൽകാവുന്നതും ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതുമാണ്. എന്നാൽ ഇവിടെ ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവുതുക 50000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 തെരുവ് വിളക്കുകൾക്ക് സാധനം വാങ്ങൽ, മെയിന്റനൻസ് പ്രവൃത്തികൾക്ക് സുതാര്യതയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ പദ്ധതികളാണ് തെരുവ് വിളക്കുകൾക്ക് സാധന സാമഗ്രികൾ വാങ്ങൽ (നം. 11/18, ചെലവ്-417436/- രൂപ), തെരുവ് വിളക്കുകൾക്ക് അറ്റകുറ്റപണി (അടാട്ട് മാതൃക) (നം. 12/18, ചെലവ്-199400/- രൂപ). തെരുവ് വിളക്ക് സാധന സാമഗ്രികൾ വാങ്ങിയിട്ടുള്ളത് കിക്കോ ബിസിനസ് കോർപറേഷൻ, അടൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ്. (ട്രഷറി ബിൽ നം. 15/17-18/19.2.18-337751/-, ബിൽ നം. 23/17-18/26.3.18-79685/-) പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾക്ക് ആവശ്യമുള്ള വൈദ്യുതി ഉപകരണങ്ങളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കാതെയാണ് പദ്ധതി ആവിഷ്കരിക്കുകയും സാധനങ്ങൾ വാങ്ങുകയും ചെയ്തിട്ടുള്ളത്. കൂടാതെ, ഈ സാധനങ്ങൾ വാങ്ങുന്നതിന് മുമ്പ് ഇവയുടെ സാമ്പിൾ ടെസ്റ്റിംഗ് (സി.എഫ്.എൽ ലാമ്പ്) നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ ആകെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഒരു ഏകദേശ കണക്ക് പ്രകാരമാണ് വർഷാവർഷം ഇപ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നത്.

സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസിന് അടാട്ട് മാതൃകയാണ് സ്വീകരിച്ചിട്ടുള്ളത്. 2017-18 വർഷം നിയമിച്ചിട്ടുള്ള ഇലക്ട്രീഷനും, വാഹന ഡ്രൈവർക്കും ഒരു പോസ്റ്റിന് 100/- രൂപ എന്ന ക്രമത്തിലാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. തൻവർഷം 1650 പോസ്റ്റുകളിൽ ലൈറ്റ് മാറ്റിടുക, റിപ്പയർ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടത്തിയതിന്റെ വൗച്ചർ ഹാജരാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ മൊത്തം സ്ട്രീറ്റ് ലൈറ്റുകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഡ് തലത്തിൽ വാർഡു മെമ്പർ ചെയർമാനായിയുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിച്ച് മെയിന്റനൻസ് പ്രവൃത്തികൾ നടപ്പിലാക്കാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 എം.റ്റി.എൽ.പി.സ്കൂൾ കൈതവനപ്പടി റോഡ്- ഓട നിർമ്മിച്ച് സ്ലാബിടൽ പല പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കിയത് പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധം

2016-17 വർഷം എം.റ്റി.എൽ.പി.എസ്. റോഡിന് ഡ്രെയിനേജ്, കവറിംഗ് സ്ലാബ് എന്നിവയ്ക്കായി ഒന്നിലധികം പ്രോജക്ടുകൾ തയ്യാറാക്കി 2017-18 വർഷം സ്പിൽ ഓവറായി അംഗീകാരം വാങ്ങി നിർവ്വഹണം നടത്തിയിട്ടുണ്ട്. നിർമ്മാണമോ പുനരുദ്ധാരണമോ നടത്തേണ്ട റോഡുകളുടെ മുഴുവൻ നീളത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചോ പ്രവൃത്തി സ്ഥലം കാണാതെയോ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മൂലമാണ് ഇപ്രകാരം ഒരേ റോഡിൽ തന്നെയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ഒന്നിലധികം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട സാഹചര്യമുണ്ടാകുന്നത്. ഇത് പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നതിനും നിർവ്വഹണത്തിന് കാലതാമസം ഉണ്ടാകുന്നതിനും ഇടയാക്കും.

പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | SO134/17-18 | SO144/17-18 | 179/17-18 | SO135/17-18 |
|---|---|---|---|---|
| പ്രോജക്ടിന്റെ പേര് | എം.റ്റി.എൽ.പി. സ്കൂൾ കൈതവനപ്പടി റോഡ്-ഓട നിർമ്മിച്ച് സ്ലാബിടൽ | എം.റ്റി.എൽ.പി.സ്കൂൾ കൈതവനപ്പടി റോഡ്-ഓട നിർമ്മിച്ച് സ്ലാബിടൽ | എം.റ്റി.എൽ.പി.<br>സ്കൂൾ കൈതവന പ്പടി റോഡ്-ഓട നിർമ്മിച്ച് സ്ലാബിടൽ | എം.റ്റി.എൽ.പി.സ്കൂൾ കൈതവനപ്പടി റോഡ്-സംരക്ഷണ ഭിത്തി നിർമ്മാണവും ജി.ഐ. പൈപ്പിടലും |
| അടങ്കൽ | 80000 | 206452 | 82000 | 90000 |
| ഫണ്ടിനം | (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) | (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) | (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) | (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) |
| സാങ്കേതിക അനുമതി | 48721/16-17 21.12.2016 | 86155/16-17<br>15.03.2017 | 48721/16-17 21.12.2016 | 47519/16-17 20.12.2016 |
| കരാർ ഉടമ്പടി നം | 14/എ.ഇ /എൽ.എസ്.ജി.ഡി/ 09.02.2017 | 26/എ.ഇ /എൽ.എസ്.ജി.ഡി/ 29.03.2017 | 14/ എ.ഇ.എൽ.എസ്.ജി.ഡി/ 09.02.2017 | 15/ എ.ഇ.എൽ.എസ്.ജി.ഡി./ 09.02.2017 |
| കരാറുകാരൻ | ശ്രീ.കെ.ജെ.വിജയകുമാർ | ശ്രീ കെ.ജെ.വിജയകുമാർ | ശ്രീ കെ.ജെ.വിജയകുമാർ | ശ്രീ കെ.ജെ.വിജയകുമാർ |
| ചെലവ് | ബിൽ നം.343700-09.08.2017<br>തുക -79537/- | ബിൽ നം. 343767-09.08.2017<br>തുക-197900/- | 2018-19 വർഷം പൂർത്തിയാക്കി | ബിൽ നം. 343605-<br>09.08.2017<br>തുക-88733/- |

ഇപ്രകാരമുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിനു മുൻപ് ആവശ്യകത നിർണ്ണയിച്ച് ഒറ്റ പ്രോജക്ടായി നടപ്പിലാക്കുന്നതിനും ഫണ്ട് അതനുസരിച്ച് ക്രമീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.ഈ വിഷയത്തിൽ വികസനസ്റ്റാന്റിംഗ് കമ്മറ്റിയുടെയും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെയും പഞ്ചായത്ത് ഭരണസമിതിയുടേയും അടിയന്തിരശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-5 ബസ് സ്റ്റാന്റ് നവീകരണം-എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരിച്ചില്ല

| പ്രോജക്ട് നം. | 89/18 |
|---|---|
| അടങ്കൽ<br>സി.എഫ്.സി.<br>ബ്ലോക്ക് വിഹിതം | 2186000<br>1686000<br>500000 |
| സാങ്കേതിക അനുമതി | 2184446 |

| | |
|---|---|
| കരാറുകാരൻ | മോൻ ജോസഫ് |
| ക്വാട്ട് ചെയ്ത തുക | 1594905 |
| പ്രവൃത്തിമൂല്യം | 1594220 |
| കരാർ ഉടമ്പടി | 29/എ.ഇ/എൽ.എസ്.ജി.ഡി./27.12.2017 |
| ചെലവ് തുക | ചെക്ക് നം.3008647/24.03.2018 തുക.500000<br>ബിൽ നം.285606/24.03.2018 തുക.1094220 |

ഇ- ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവു നിരക്ക് ക്വോട്ട് ചെയ്ത മോൻ ജോസഫിന്റെ ടെണ്ടർ അംഗീകരിച്ച് കരാർ ഉടമ്പടി വയ്ക്കുകയും 27.12.2017 ൽ സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്.സ്ഥലം നിരപ്പാക്കി ഉറപ്പിച്ച് സി.സി.1:4:8 അനുപാതത്തിൽ 10 സെ.മി കനത്തിൽ ബേസ് കോൺക്രീറ്റും ആർ.സി.സി. 1:1.5:3 ഉപയോഗിച്ച് 10 സെ.മി.കനത്തിൽ ഉപരിതലകോൺക്രീറ്റും ചെയ്യുന്നതിനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പ്രവൃത്തി ആരംഭിക്കുന്നതിനു മുന്നോടിയായി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തിയപ്പോൾ ടി സ്ഥലത്ത് 50 സെ.മി അധികം താഴ്ചയുള്ള കുഴികൾ ഉള്ളതായും ഇത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ അറിയിക്കുകയും ഇവരുടെ സാന്നിധ്യത്തിൽ വീണ്ടും സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് ശുപാർശ ചെയ്തതായും അസിസ്റ്റന്റ് എഞ്ചിനീയറുടെ തീയതി വയ്ക്കാത്ത എസ്റ്റിമേറ്റ് റിപ്പോർട്ടിലുണ്ട്. ജി.എസ്.ബി. ഫില്ലിംഗ് ചെയ്ത് കുഴികൾ നിരപ്പാക്കിയതിനുശേഷം മറ്റുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികളിൽ അധിക ഇനമായി (4.1.A.2) ഇത് ഉൾപ്പെടുത്തി 13.965 ച.മീ. അളവിന് 2983.93/ച.മീ നിരക്കിൽ 39969.74 രൂപ കൂടി ചേർത്ത് അടങ്കലിൽ അധികരിക്കാതെ മറ്റ് രണ്ട് ഇനങ്ങളിൽ കുറവുവരുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയാണ് പ്രവൃത്തി നടപ്പിലാക്കിയത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരുടെ പിഴവ് മൂലമാണ് പ്രവൃത്തി മുഴുവനായി പൂർത്തീകരിക്കാൻ കഴിയാതിരുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കി എല്ലാ നടപടിക്രമങ്ങളും പാലിച്ച് പ്രവൃത്തിസ്ഥലം കൈമാറിയതിനുശേഷമാണ് സ്ഥലപരിശോധന നടത്തി ആവശ്യകത നിർണ്ണയിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്തത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ചെയ്യേണ്ട പ്രവൃത്തിയിനങ്ങൾ കുറവ് ചെയ്തതുമൂലമാണ് ഇപ്രകാരം സംഭവിച്ചത്. ടെണ്ടർ സേവിംഗ്സും തനതുഫണ്ടും ഉൾപ്പെടുത്തി എസ്റ്റിമേറ്റിൽ കുറവായി വന്ന പ്രവൃത്തികൾക്കായി വീണ്ടും മറ്റൊരു പ്രോജക്ടിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു 21.02.2018 ലെ ജനറൽ കമ്മറ്റി നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പ്രവൃത്തിയ്ക്ക് സാങ്കേതിക അനുമതി ലഭിച്ചത് 27.03.2018 ലും ഡി.പി.സി. അംഗീകാരം ലഭിച്ചത് 28.03.2018 ലുമാണ്. പദ്ധതി നിർവ്വഹിക്കുന്നതിന് സമയം കിട്ടാതിരുന്നതിനാൽ നടപടിക്രമങ്ങൾ പാലിച്ച് നിർവ്വഹണം നടത്തുന്നതിന് കഴിയാതെ വരികയും ചെയ്തു. ഫലത്തിൽ 766000/- രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രവൃത്തിയ്ക്ക് വികസനഫണ്ടിൽ നിന്നും വകയിരുത്തിയ (ടെണ്ടർ സേവിംഗ്സ് തുക) 600565/- രൂപ പദ്ധതി സ്പിൽ ഓവർ ആകാതിരുന്നതിനാൽ നഷ്ടമായ സ്ഥിതിവിശേഷമാണ് സംജാതമായിട്ടുള്ളത്.

ദീർഘവീക്ഷണത്തോടുകൂടി സ്ഥാപനത്തിന്റെ സമഗ്രമായ വികസനപദ്ധതികൾ തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും വികസനസ്റ്റാന്റിംഗ് കമ്മറ്റിയും ഒത്തൊരുമിച്ച് പ്രവൃത്തിയ്ക്കേണ്ടതും പദ്ധതികൾ മുറിച്ച് മുറിച്ച് നിർവ്വഹണം നടത്തുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 3-6 1889000രൂപയുടെ പ്രോജക്ടുകൾ കാലതാമസം മൂലം നടപ്പിലാക്കിയില്ല

21.02.2018 ലെ തീരുമാനം (1) ആയി 5 പ്രോജക്ടുകൾക്ക് ഭേദഗതികളും 8 പുതിയ പ്രോജക്ടുകളും ഒരു പ്രോജക്ട് ഉപേക്ഷിക്കുന്നതിനും തീരുമാനിച്ചിരുന്നു. പുതിയ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി 24.03.2018,27.03.2018 എന്നീ തീയതികളിലും ഡി.പി.സി. അംഗീകാരം 28.03.2018 ലുമാണ് ലഭിച്ചത്. 28.03.2018 ൽ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന 8 പുതിയ പ്രോജക്ടുകൾക്കുള്ള തുടർനടപടി സ്വീകരിക്കുന്നതിന് കേവലം രണ്ടു ദിവസം മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| പ്രോജക്ട് നം. | പേര് | തുക |
|---|---|---|
| 182/17-18 | സ്ത്രീ സൗഹൃദ ടോയ്‌ലറ്റ് അറ്റകുറ്റപണി | 200000 |

| | | |
|---|---|---|
| 178/17-18 | പാലയ്ക്കത്തറ- കരങ്ങമല റോഡ് മെയിന്റനൻസ് | 180000 |
| 179/17-18 | എം.റ്റി.എൽ.പി.എസ്.കൈതവനപ്പടി റോഡ്-സ്ലാബ് | 82000 |
| 177/17-18 | പുതിയാമണ്ണിൽ കോളനി റോഡ് | 28000 |
| 180/17-18 | താന്നിമൂട്ടിൽപ്പടി- കനാൽപ്പാലം റോഡ്-കൈവരി നിർമ്മാണം | 211000 |
| 181/17-18 | പഞ്ചായത്ത് ബസ് സ്റ്റാന്റ് നവീകരണം | 766000 |
| 176/17-18 | ബഥേൽപ്പടി-പനിച്ചക്കുഴി റോഡ് മെയിന്റനൻസ് | 100000 |
| 183/17-18 | കുടുംബശ്രീ കഫേ നിർമ്മാണം | 200000 |

രണ്ടു ദിവസത്തിനുള്ളിൽ ഇത് നടപ്പാക്കുകയോ,കരാർ ഉടമ്പടിയെങ്കിലും ചമയ്ക്കുകയോ ചെയ്യുക എന്നത് പ്രായോഗികമല്ലാത്തതിനാൽ പ്രോജക്ടുകൾ സ്പിൽ ഓവർ ആകുകയുണ്ടായില്ല. ഈ പ്രവൃത്തികൾക്ക് വികസനഫണ്ടിൽ നിന്നും വകയിരുത്തിയ 1889000 രൂപ തുടർവർഷങ്ങളിൽ ലഭിയ്ക്കുന്ന പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട സ്ഥിതിയാണ് . (പ്രോജക്ടുകൾ സ്പിൽ ഓവർ ആക്കുന്നതിനുള്ള അനുമതി നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് ഭരണസമിതി കോ-ഓർഡിനേഷൻ കമ്മറ്റിയ്ക്ക് കത്ത് നല്കിയിട്ടുണ്ട്.) വികസനസ്റ്റാന്റിംഗ് കമ്മറ്റിയുടെ സമയോചിതമായ ഇടപെടൽ നിറവേറ്റാതിരുന്നതുമൂലമാണ് വകയിരുത്തിയ ഫണ്ട് നഷ്ടമാകാൻ ഇടയായത്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് നൽകി

ജി.ഒ.പി 30/2016 ഫിൻ. 29.02.2016 നമ്പർ ഉത്തരവ് പ്രകാരം ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളിൽ 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ആവശ്യമായ നികുതികൾ ഗുണഭോക്തൃസമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളിൽ 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടെയുള്ള നിരക്കിലാണ് PRICE സോഫ്റ്റ് വെയറിൽ ഡാറ്റാ കണക്കാക്കിയിട്ടുള്ളത്. ഗുണഭോക്തൃ സമിതി നിർവ്വഹിച്ച പ്രവൃത്തികൾക്ക് നികുതി വിഹിതം നൽകുമ്പോൾ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാനാണ് ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കിയത്. 1.7.2017 മുതൽ GST നിലവിൽ വരുകയും 31.3.2018 വരെ കൺവീനർമാരുടെ ബില്ലിൽ നിന്നും GST ഈടാക്കേണ്ടതില്ലായെന്നും 1.11.2017-ലെ GO(Ms)87/17/LSGD നമ്പർ ഉത്തരവിൽ നിർദ്ദേശിക്കുകയും ചെയ്ത സാഹചര്യത്തിൽ 1 ശതമാനം ആദായ നികുതിയും, 1 ശതമാനം നിർമ്മാണ തൊഴിലാളി ക്ഷേമനിധിയും മാത്രമാണ് ബില്ലുകളിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത്. കൺവീനർമാർക്ക് ഇപ്രകാരം 5 ശതമാനം തുക അധികം നൽകാൻ ഇടയായിട്ടുണ്ട്. ഇപ്രകാരം PRICE സോഫ്റ്റ് വെയറിൽ ഉണ്ടായിട്ടുള്ള അപാകത തദ്ദേശസ്വയംഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 എസ്.എസ്.എ.-എസ്.സി.പി ഫണ്ട് വകയിരുത്തിയത് ആനുപാതികമായല്ല

പ്രൊജക്ട് നം. S 33/18 (എസ്.എസ്.എ വിഹിതം അടവാക്കൽ) പ്രകാരം വികസന ഫണ്ടിൽ നിന്നും 580000 (പൊതുവിഭാഗം 350000 + എസ്.സി.പി.-230000) രൂപ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഈ തുകയ്ക്കുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തുപരിധിയിലുള്ള സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ടന്ന് തെളിയിക്കുന്ന വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. എസ്.സി.പി ഫണ്ടിനത്തിൽ 230000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ നൽകിയ കണക്കുപ്രകാരം പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലെ കുട്ടികളിൽ 17.5% മാത്രമാണ് എസ്.സി വിഭാഗത്തിലുള്ളത്. 50% ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ മാത്രമാണ് എസ്.സി.പി. ഫണ്ട് ഉപയോഗിക്കാൻ അനുമതിയുള്ളത്. നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം വാങ്ങേണ്ടതും തുടർ വർഷങ്ങളിൽ തുക വകയിരുത്തി പദ്ധതി നടപ്പിലാക്കുമ്പോൾ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-9 സാന്ത്വനപരിചരണം - മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം | 16/18 |
| അടങ്കൽ<br>(വികസനഫണ്ട്-പൊതു)<br>ബ്ലോക്ക് വിഹിതം | 400000<br>200000 |
| ചെലവ്<br>വികസന ഫണ്ട്<br>ബ്ലോക്ക് വിഹിതം | 380000<br>200000 |
| ബിൽ നം./ തീയതി | ചെക്ക് നം. 3008648 / 27.03.18 |

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ സാന്ത്വനപരിചരണം പദ്ധതി പ്രകാരം രോഗികൾക്ക് മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ബ്ലോക്ക് വിഹിതമായ 200000 ലക്ഷം രൂപയിൽ 188200/- രൂപ 27.03.2018 ൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് ട്രാൻസ്ഫർ ക്രെഡിറ്റായി നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെയും മരുന്നുകളോ അനുബന്ധ ഉപകരണങ്ങളോ ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവുതുക 188200/- രൂപ തടസ്സപ്പെടുത്തുന്നു. ശയ്യാവലംബികളായ രോഗികളുടെ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നുണ്ടെന്ന് ഭരണസമിതിയും ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയും ഉറപ്പാക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-10 ലൈബ്രറി കൗൺസിലിന്റെ അംഗീകാരമില്ലാത്ത ലൈബ്രറിയ്ക്കായി പദ്ധതി നടപ്പിലാക്കി

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ 'കുരങ്ങുമല സാംസ്കാരിക നിലയത്തിലേക്ക് പുസ്തകം വാങ്ങൽ' (പ്രോജക്ട് നം.36/18) എന്ന പദ്ധതി പ്രകാരം 20000/- രൂപ വികസന ഫണ്ട് (എസ്.സി.പി) ചെലവഴിച്ച് ആറാം വാർഡിൽ പ്രവർത്തിക്കുന്ന കുരങ്ങുമല സാംസ്കാരിക നിലയത്തിലേക്ക് പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. പുസ്തകങ്ങൾ കുരങ്ങുമല സാംസ്കാരിക നിലയത്തിനു വേണ്ടി ആറാം വാർഡ് മെമ്പറായ ശ്രീ.ക്രിസ്റ്റഫർ ദാസ് ആണ് കൈപ്പറ്റിയിരിക്കുന്നത്. പി.എൻ.പണിക്കർ സ്മാരക വായനശാല, കോഴഞ്ചേരി ഈസ്റ്റ്.പി.ഒ., കുരങ്ങുമല എന്ന വായനശാലയുടെ സെക്രട്ടറിയുടെ പേരിലുള്ള കൈപ്പറ്റ് രസീതും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ ലൈബ്രറിക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ഇല്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടും ഇല്ല. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിക്കേണ്ടതാണ്. പഞ്ചായത്ത് വാങ്ങി നൽകിയ പുസ്തകങ്ങൾ ടി ലൈബ്രറിയിൽ ഉണ്ടോ എന്ന് ഭൗതിക പരിശോധന നടത്തി ഉറപ്പാക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. അംഗീകാരമില്ലാത്ത ലൈബ്രറികൾക്ക് പുസ്തകം വാങ്ങി നൽകാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം- കുടിശിക പെരുകുന്നത് ഒഴിവാക്കാൻ നടപടിയെടുക്കുന്നില്ല

സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഓരോ മാസവും വർദ്ധിച്ചുവരുന്ന കുടിശ്ശികതുക ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. വെള്ളക്കരം കുടിശിക ഭാവിയിൽ വലിയൊരു ബാദ്ധ്യതയായിത്തീരുമെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയിട്ടും ആയത് പരിഹരിക്കുന്നതിന് അധികൃതർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല. നിലവിൽ 205 ടാപ്പുകൾക്ക് വർഷം 5250 രൂപ നിരക്കിൽ പ്രതിമാസം 89688 രൂപയാണ് ഒടുക്കി വരുന്നത്. 2018 മാർച്ചിലെ ബിൽ പ്രകാരമുള്ള കുടിശിക 2810944 രൂപയാണ്. ഓരോ മാസവും ഒടുക്കുവാൻ ബാക്കി

നിൽക്കുന്ന തുകയ്ക്ക് 2% നിരക്കിലാണ് പിഴ കണക്കാക്കി കുടിശിക ഡിമാന്റ് ചെയ്യുന്നത്. പിഴപ്പലിശ ഒഴിവാക്കിത്തരുന്നതിനും, ഒറ്റത്തവണ തീർപ്പാക്കൽ ആനുകൂല്യം ലഭിക്കുന്നതിനും വാട്ടർ അതോറിറ്റി അധികൃതരുമായി ചർച്ച നടത്താൻ ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-12 നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതി പ്രശംസനീയം

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ 'നെൽകൃഷിക്ക് വിത്ത്, കൂലിച്ചെലവ് നൽകൽ ' എന്ന പദ്ധതി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സഹായകരമായി. 500000/- രൂപ വികസന ഫണ്ടും 238000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും വകയിരുത്തിയ പദ്ധതിയ്ക്ക് 492000/- രൂപ ചെലവായിട്ടുണ്ട്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഞാലേക്കാവ്-ഇടമുറി, നിലമേൽ, പോത്തോലി എന്നീ പാടശേഖര സമിതികളുടെ ഉടമസ്ഥതയിലുള്ള 24 ഹെക്ടർ സ്ഥലത്തും 14.32 ഹെക്ടർ തരിശുഭൂമിയിലും കൃഷി ചെയ്തതിൽ നിന്നും 75 ടൺ നെല്ലുത്പാദിക്കാൻ സാധിച്ചു. തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി പഞ്ചായത്തിലെ ബാക്കിയുള്ള തരിശ് നിലവും കൃഷി യോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 3-13 മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ പരാജയം

നഗരസ്വഭാവമുള്ള പഞ്ചായത്താണ് കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്. നിരവധി വ്യാപാര സ്ഥാപനങ്ങളും ആശുപത്രികളും പ്രവർത്തിക്കുന്ന പഞ്ചായത്തായതിനാൽ മാലിന്യ നിർമ്മാർജ്ജനം ഒരു ഗുരുതര പ്രശ്നമായി മാറിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് വിവിധ പദ്ധതികൾ നടപ്പിലാക്കിയെങ്കിലും, മാലിന്യ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കാണാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിലെ മാർക്കറ്റിലും, സ്റ്റേഡിയത്തിലും സ്ഥാപിച്ച രണ്ട് ബയോഗ്യാസ് പ്ലാന്റുകളും നിലവിൽ പ്രവർത്തനരഹിതമാണ്. സ്റ്റേഡിയത്തിൽ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റ് പൂർണ്ണമായി നശിച്ചു പോയി. നിലവിൽ ക്രിസ് ഗ്ലോബൽ എന്ന സ്ഥാപനമാണ് പഞ്ചായത്തിലെ മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നത്. മാർക്കറ്റിലെയും, സ്റ്റേഡിയത്തിലെയും ബയോഗ്യാസ് പ്ലാന്റുകൾ നന്നാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-14 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനം- പദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്നില്ല

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 14 അംഗൻവാടികളിൽ 7 എണ്ണം മാത്രമേ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുള്ളു. 2 എണ്ണം സ്കൂളുകളിലും 5 എണ്ണം വാടക കെട്ടിടങ്ങളിലുമാണ് പ്രവർത്തിച്ചു വരുന്നത്. തൻ വർഷം 'ബഡ്സ് സ്കൂൾ, അംഗൻവാടികൾക്ക് സ്ഥലം വാങ്ങൽ' എന്ന പ്രോജക്ട് (നമ്പർ-163/18) 9 ലക്ഷം രൂപ വകയിരുത്തി ആവിഷ്ക്കരിച്ചെങ്കിലും നടപ്പിലാക്കിയിട്ടില്ല. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നുണ്ടെങ്കിലും ഫലപ്രാപ്തിയിലെത്തുന്നില്ല. അടിസ്ഥാന സൗകര്യങ്ങൾ, കുട്ടികളുടെ എണ്ണം എന്നിവ പരിശോധിക്കുന്നതിന് അംഗൻവാടികൾ സന്ദർശിക്കണമെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ തീരുമാനമെടുക്കുന്നുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിക്കുന്നില്ല. അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ക്ഷണിക്കുന്നു.

## 3-15 ആശ്രയ പദ്ധതി- നടത്തിപ്പിൽ അലംഭാവം

ഗ്രാമപഞ്ചായത്തിൽ നിലവിൽ 2 ഘട്ടത്തിലുള്ള പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഒന്നാം ഘട്ടത്തിൽ 42-ഉം രണ്ടാം ഘട്ടത്തിൽ 60-ഉം ഗുണഭോക്താക്കൾ ഉണ്ട്. പദ്ധതിയിൽ ചെലവ് വളരെ കുറവാണ്. മുൻ വർഷങ്ങളിലെപ്പോലെ ഭക്ഷണവിതരണത്തിൽ മാത്രമായി പദ്ധതി ചുരുങ്ങി. ഒന്ന്, രണ്ട് ഘട്ടങ്ങളിലെ പദ്ധതികൾക്കായി യഥാക്രമം 29544 രൂപ, 129175 രൂപ എന്നീ തുകകൾ മാത്രമേ ചെലവഴിച്ചിട്ടുള്ളു. ഒന്നാം ഘട്ട പദ്ധതിയിൽ 1242686 രൂപ, രണ്ടാം ഘട്ട പദ്ധതിയിൽ 316048 രൂപ എന്നിങ്ങനെ 15 ലക്ഷത്തിലധികം രൂപ ബാങ്കിൽ അവശേഷിക്കുമ്പോഴും ഫലപ്രദമായി

പദ്ധതി നടപ്പിലാക്കാൻ കഴിയാത്തത് അധികൃതരുടെ അനാസ്ഥ മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ഒന്നംതന്നെ ആശ്രയ പദ്ധതി സംബന്ധിച്ച് ചർച്ച നടത്തിയിട്ടില്ല. ആശ്രയ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്താൻ രൂപീകരിച്ച ഉപസമിതി തൻ വർഷം രണ്ട് തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പദ്ധതി പ്രവർത്തം ഫലപ്രദമാക്കുവാൻ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| *വിഹിതം നൽകിയ സ്ഥാപനം* | *ലഭിച്ച തുക* | *പ്രൊജക്ടിന്റെ പേര്* | *ചെലവ്* | *ബാലൻസ്* |
|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 300000 | 87-ം നമ്പർ അംഗൻവാടി കെട്ടിടനിർമ്മാണം | 204818 | 95182 |
| | 400000 | ബഡ് സ്കൂളിനും അംഗൻവാടിക്കും സ്ഥലം വാങ്ങൽ | - | 400000 |
| ഇലന്തൂർ ബ്ളോക്ക് പഞ്ചായത്ത് | 238000 | നെൽ കൃഷിക്ക് വിത്ത് കൂലിച്ചെലവ് നൽകൽ | 204000 | 34000 |
| | 22500 | വനിതഗ്രൂപ്പ് പച്ചക്കറി കൃഷി | 22500 | - |
| | 200000 | സാന്ത്വന പരിചരന പദ്ധതി | 200000 | - |
| | 40000 | ശാരീരിക മാനസിക വൈകല്യം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 40000 | - |
| | 500000 | 87-ം നമ്പർ അംഗൻവാടി കെട്ടിടനിർമ്മാണം | 500000 | - |
| | 400000 | മാലിന്യ സംസ്കരണത്തിനായി പുതിയ ഷെഡ് നിർമ്മാണം | - | 400000 |
| | 500000 | ബസ് സ്റ്റാന്റ് നവീകരണം | 500000 | - |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| *നിർവഹണ ഏജൻസി* | *പ്രോജക്ട് നം/* | *മുൻകൂർ നൽകിയ* | *ചെലവഴിച്ച തുക* | *ചെലവഴിക്കാൻ ബാക്കിയുള്ള* |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | *പ്രവൃത്തിയുടെ പേര്* | *തുക* | | *തുക* |
| ഭൂജല വകുപ്പ് | 167/18-പഞ്ചായത്ത് കുഴൽകിണർ പ്രവർത്തന സജ്ജമാക്കൽ | 85000 | - | 85000 |
| കെഎസ്ഇബി | 46/17-സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 1299915 | - | 1299915 |
| കേരള വാട്ടർ അതോറിറ്റി | 48/17-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1100000 | - | 1100000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| *വായ്പയുടെ പേര്/ഉദ്ദേശ്യം* | *ഉത്തരവ് നമ്പർ/തീയതി* | *വായ്പ തുക* | *വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക* | *തൻവർഷം തിരിച്ചടച്ച തുക* | | *വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക* |
|---|---|---|---|---|---|---|
| | | | | *മുതൽ* | *പലിശ* | |
| KURDFC ലോൺ | 1649/10/ തസ്വഭവ/ 18.5.10 | 7718000 | 2173620 | 1102576 | 190222 | 1071044 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം സ്ഥിരനിക്ഷേപമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

| *റിപ്പോർട്ട് വർഷം* | *ഭാഗം/ഖണ്ഡിക* | *ഈടാക്കിയ തുക* | *ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും* | *രസീത് നമ്പർ/ തീയതി* |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 67647739 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49346785 |
| വരവിനങ്ങളിലുള്ള നഷ്ടം | 1054 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 265200 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| *ഖണ്ഡിക നമ്പർ* | *നഷ്ടമായ തുക* | | *ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും* |
|---|---|---|---|
| | *ചാർജ് ചെയ്യാവുന്നവ* | *സർചാർജ് ചെയ്യാവുന്നവ* | |
| 2-1 | 1054 | | ശ്രീ.ഹരികുമാർ.വി, സീനിയർ ക്ലർക്ക് |
| 3-1 | | 10500 | ശ്രീ. ഷാജി എ തമ്പി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 1054 | 10500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| *ഖണ്ഡിക നം.* | *തുക* | *ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 3-1 | 27000/- | ശ്രീ. ഷാജി എ തമ്പി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | 50000/- | ശ്രീ.ഷാജി എ തമ്പി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 188200/- | ഡോ.ആശ കെ.സദാശിവൻ, മെഡിക്കൽ ഓഫീസർ |
| ആകെ | 265200 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ. ഷാജി എ. തമ്പി<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് | അമരിയുഴത്തിൽ ,<br>ചെങ്ങന്നൂർ,689121 |
| ശ്രീ.ഹരികുമാർ.വി<br>സീനിയർ ക്ലർക്ക് | സീനിയർ ക്ലർക്ക്<br>കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് | വളവുങ്കൽ പുത്തൻവീട്<br>താഴം.പി.ഒ, മലയാലപ്പുഴ |
| ഡോ.ആശ.കെ.സദാശിവൻ<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ചെറുകോൽ | കുടിയിരുപ്പിൽ, കാരിക്കോട് പി.ഒ, പ്രിയദർശിനി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| *വർഷം* | *ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ* |
|---|---|---|
| 1996-97 | നം.എൽഎഫ്.പിറ്റിഎ.പി2-120/99 തീയതി 24.5.2000/11.7.2000 | 13 |
| 1997-98 | നം.എൽഎഫ്.പിറ്റിഎ.പി2-32/99 തീയതി 8.11.2000/5.12.2000 | 33 |
| 1998-99 (വരവ്) | നം.എൽഎഫ്.പിറ്റിഎ.പി3-920/08 തീയതി 16.6.2008/30.9.2008 | 2 |
| 1998-99 (ചെലവ്) | നം.എൽഎഫ്.പിറ്റിഎ.പി2-672/99 തീയതി 7.6.2000/8.8.2000 | എല്ലാ ഖണ്ഡികകളും |
| 1999-00 (ചെലവ്) | നം.എൽഎഫ്.പിറ്റിഎ.പി2-635/01 തീയതി 2.11.2001/6.4.2002 | 9 |
| 1999-00 (വരവ്) | നം.എൽഎഫ്.പിറ്റിഎ.പി3-921/07 തീയതി 18.6.2005 | 3 |
| 2000-01 | നം.എൽഎഫ്.പിറ്റിഎ.പി3-450/05 തീയതി 4.11.2005/15.12.2005 | 5 |
| 2001-02 | നം.എൽഎഫ്.പിറ്റിഎ.പി3-462/03 തീയതി 1.9.2003/14.5.2004 | 8 |
| 2001-02 (ജ.ആ ചെലവ്) | നം.എൽഎഫ്.പിറ്റിഎ.പി3-451/05 തീയതി 14.11.2005/15.12.2005 | 2 |
| 2002-03 | നം.എൽഎഫ്.പിറ്റിഎ.പി3-187/07 തീയതി 6.3.2007/13.3.2007 | 8 |
| 2003-04 | നം.എൽഎഫ്.പിറ്റിഎ.പി3-172/08 | 14 |

| | | |
|---|---|---|
| | തീയതി 6.1.2009/13.1.2010 | |
| 2004-05 | നം.എൽഎഫ്.പിറ്റിഎ.പി11-48/10 തീയതി 13.4.2010 | 32 |
| 2005-06 | നം.എൽഎഫ്.പിറ്റിഎ.പി6-395/11 തീയതി 7.6.2011 | 36 |
| 2006-07 | നം.എൽഎഫ്.പിറ്റിഎ.പി6-89/12 തീയതി 11.5.2012/4.3.2013 | 3 |
| 2007-08 | നം.എൽഎഫ്.പിറ്റിഎ.പി6-90/12 തീയതി 10.5.2012/4.3.2013 | 4 |
| 2010-11 | നം.എൽഎഫ്.പിറ്റിഎ.പി6-120/12 തീയതി 11.5.2012/4.3.2013 | 2 |
| 2011-12 | നം.എൽഎഫ്.പിറ്റിഎ.പി12-441/13 തീയതി 3.10.2013/18.1.2014 | എല്ലാ ഖണ്ഡികകളും |
| 2012-13 & 2013-14 | നം.എൽഎഫ്.പിറ്റിഎ.പി5-1018/14 തീയതി 11.3.2015/11.5.2015 | 8 |
| 2014-15 | നം.കെഎസ്എ.പിറ്റിഎ.പി5-488/16 തീയതി 4.5.2016 | 2 |
| 2015-16 | നം.കെഎസ്എ.പിറ്റിഎ.പി5-436/16 തീയതി 23.1.2017 | 3 |
| 2016-17 | നം.കെഎസ്എ.പിറ്റിഎ.പി9-1024/17 തീയതി 14.9.2017 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

| | |
|---|---|
| നം.കെ.എസ്.എ.പി.റ്റി.എ. പി5 /1137 /2018 | തീയതി 04.08.2018 |

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12, 2-1, 3-1, 3-2, 3-10 -ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# Annexure-1

# AUDIT CERTIFICATE

| | |
|---|---|
| No.KSA.PTA.P5 /1137 /2018 | Date: 04.08.2018 |

Certified that I have examined the Annual Financial Statement of Kozhenchery Grama Panchayat in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kozhenchery Grama Panchayat for the year 2017-18 except the obeservations in para 1-12, 2-1, 3-1,3-2,3-10 of my report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta